## അസംഘടിത തൊഴിലാളികളെ സംബന്ധിച്ച്

**ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് ഒരു വിശാലമായ അടിത്തറ വേണം**

ഇപ്പോഴത്തെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് തൊഴിലാളി സമൂഹത്തെ മുഴുവൻ പ്രതിനിധീകരിക്കുന്നുവെന്ന് പറയുവാൻ ഒക്കുമോ? മർദ്ദിതരുടെയും, പാവപ്പെട്ടവരുടെയും, ചൂഷിതരുടെയും സംരക്ഷകരാണ് എന്ന് അവർക്ക് അവകാശപ്പെടാമോ?

നമ്മുടെ ട്രേഡ് യൂണിയനുകളുടെ ശ്രദ്ധ കൂടുതലായും സംഘടിത വ്യവസായങ്ങളിലെ തൊഴിലാളികളുടെ നേരെയാണുള്ളത്. ആവശ്യവും പ്രായോഗികതയും പ്രയോജനവും നോക്കുമ്പോൾ ഇത് സ്വാഭാവികമായും ന്യായീകരിക്കപ്പെടാവുന്നതാണ്. ട്രേഡ് യൂണിയനുകളുടെ വളർച്ചയ്ക്ക് സഹായകരമാകത്തക്ക വണ്ണം ഈ വ്യവസായശാലകളിൽ തൊഴിലാളികളുടെ നിബിഢത കാണാം. എന്നാൽ അത്രതന്നെ സംഘടിതമല്ലാത്ത വ്യവസായങ്ങളിലും തൊഴിലുകളിലും, തൊഴിലാളികളെ സംഘടിപ്പിക്കേണ്ടത് കൂടുതൽ ആവശ്യമാണ്. കൂടുതൽ സംരക്ഷണം ആവശ്യമുള്ളവർ ട്രേഡ് യൂണിയനുകളാലോ, നിയമവ്യവസ്ഥകളാലോ ഏറ്റവും കുറച്ച് സംരക്ഷിക്കപ്പെടുന്നവരാണ്. ഇതൊരു വിരോധാഭാസമാണ്.

മീൻപിടുത്തക്കാർ, ഉപ്പ് പടന്നകളിൽ പ്രവർത്തിക്കുന്നവർ, തലച്ചുമട്ടുകാർ, കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്നവർ, കടകളിൽ ജോലി ചെയ്യുന്നവർ, തുറുമുഖങ്ങൾ, മാർക്കറ്റുകൾ, റെയിൽവെ യാർഡുകൾ, ഗുഡ്സ് ഷെഡ്ഡുകൾ, വാഹനങ്ങൾ ഇവിടങ്ങളിലെല്ലാം ജോലി ചെയ്യുന്നവർ ധാരാളമായി കാണാം. 1968 ൽ മഹാരാഷ്ട്ര സർക്കാർ അത്തരക്കാർക്ക് വേണ്ടി ഒരു നിയമം ഉണ്ടാക്കിയെന്നത് വാസ്തവം തന്നെ. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ അവർ അസംരക്ഷിതരാണ്. അവർക്കിടയിലുള്ള യൂണിയനുകളും ബലഹീനമാണ്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന റെയിൽവെ, എഞ്ചിനീയറിങ്ങ്, പൊതുമരാമത്ത്, തുറുമുഖങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ''കാഷ്വൽ'' തൊഴിലാളികൾക്ക് അവരുടെ യൂണിയനുകൾ ഉണ്ടായിട്ടും ഒന്നും ചെയ്യുവാൻ സാധിക്കുന്നില്ല. ഈ സ്ഥാപനങ്ങളിലെ ''സ്റ്റാന്റിങ്ങ് ഓർഡേഴ്സി''ൽ സാധാരണ തൊഴിലാളികളെ അപേക്ഷിച്ച് കാഷ്വൽ തൊഴിലാളികൾ എത്ര വേണം എന്ന് പറയുന്നില്ല; ഇവരെ സ്ഥിരപ്പെടുത്തുന്ന പണിയും ശരിയായി നടക്കുന്നില്ല. വാസ്തവത്തിൽ അത്തരത്തിലുള്ള ഒരു തൊഴിലാളിയെ കുറച്ചു കാലത്തേക്ക് ജോലിയിൽ നിന്ന് മാറ്റിനിർത്തുകയും, അയാളെ വീണ്ടും നിയമിക്കുകയും ചെയ്താൽ, ആ ഒഴിവ് കാലം സേവനലംഘനമായി കണക്കാക്കരുത്; മാത്രമല്ല ഒരു കാഷ്വൽ തൊഴിലാളി നിശ്ചിത സേവനകാലം മുഴുമിച്ചു കഴിഞ്ഞാൽ, അയാൾക്ക് സ്ഥിരം തൊഴിലാളികൾക്ക് നല്കുന്ന എല്ലാ ആനുകൂല്യങ്ങളും നല്കേണ്ടതാണ്. സ്ഥിരപ്പെടുത്തുന്നതുവരെ അവർക്ക് കൂടുതൽ നല്ല സേവനവ്യവസ്ഥകൾ നല്കണം.

**നിർമ്മാണതൊഴിലാളികൾ** പ്രത്യേകിച്ചും സേവനക്രമക്കേടുകൾക്കും മനുഷ്യത്വരഹിത പെരുമാറ്റങ്ങൾക്കും വിധേയരാണ്. അവർക്കെല്ലാം ശരിയായ വ്യവസ്ഥാപിതവും സംരക്ഷണം നല്കുന്നതുമായ നിയമങ്ങളും അവയെ നടപ്പിൽ വരുത്തുവാൻ വേണ്ടതായ വ്യവസ്ഥകളും ഉണ്ടായിരിക്കണം. കരാറുകാരും ഉപകരാറുകാരും നിയമങ്ങൾ ലംഘിക്കുന്നുവെങ്കിൽ അവർക്കു കർശനമായ ശിക്ഷ നല്കുവാനുള്ള വ്യവസ്ഥ വേണം. കെട്ടിട നിർമാണ കരാറുകാർക്ക് പ്രത്യേകം രജിസ്റ്റർ വയ്ക്കണം.

കാടുകളിൽ പണിയെടുക്കുന്നവരെ കുറിച്ച് നമ്മുടെ ട്രേഡ് യൂണിയൻ പ്രവർത്തകർ സാധാരണയായി ചിന്തിക്കാറില്ല. മിച്ചഭൂമികൾ അവർക്കിടയിൽ വിതരണം ചെയ്യൽ, കടബാദ്ധ്യതകൾ ഇല്ലാതാക്കാനുള്ള നടപടികൾ, കുറഞ്ഞ കൂലിനിയമം സംരക്ഷിക്കൽ, ഫോറസ്റ്റ് ഗാർഡുമാർ, കാവൽക്കാർ തുടങ്ങിയ നിയമനങ്ങളിൽ അവർക്ക് മുൻഗണന നല്കൽ, കാടുകളിൽ അവരുടേതായ പാരമ്പര്യ അവകാശങ്ങൾ വിട്ടുകൊടുക്കൽ, കാടുകളുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കൽ, വനപ്രവർത്തക സഹകരണ സംഘങ്ങളെ കരാറുകാരിൽ നിന്ന് രക്ഷിക്കൽ ഇവ സംരക്ഷിക്കുന്നതിന് സഹകരണ കോർപ്പറേഷനുകൾ പ്രോത്സാഹിപ്പിക്കുക, ''വികസന''ത്തിന്റെ പേരിൽ മാറ്റി താമസിപ്പിച്ച വനവാസികളെ ഉടനെ പുനരധിവസിപ്പിക്കുക ഇവയെല്ലാമാണ് അവരുടെ സംരക്ഷണത്തിനു വേണ്ട നടപടികൾ.

ഇനിയും നിരന്തരമായി ദേശാടനം ചെയ്തു കൊണ്ടിരിക്കുന്ന വംശജരുടെ ഉന്നമനത്തിന് വേണ്ടി ആര് പരിശ്രമിക്കും? പട്ടികജാതി - പട്ടിക വർഗങ്ങൾക്ക് ഭരണഘടന നല്കുന്ന സംരക്ഷണവും സൗകര്യവും ഈ വംശജർക്ക് ഇനിയും നല്കപ്പെട്ടിട്ടില്ല. ഇവരുടെ പ്രശ്നങ്ങൾ ഭാഗികമായി സാമൂഹികമാണ്; സാമ്പത്തിക പ്രശ്നങ്ങളിൽ നിന്ന് സാമൂഹിക പ്രശ്നങ്ങളെ വേർപ്പെടുത്തുവാൻ സാദ്ധ്യമല്ല.

പാരമ്പര്യ കൈത്തൊഴിൽക്കാർ അക്ഷരാർത്ഥത്തിൽ തൊഴിലാളികളാണെങ്കിലും, നിയമദൃഷ്ട്യാ അവർ അപ്രകാരമല്ല. കാരണം, അവർ സ്വയം തൊഴിൽ ചെയ്യുന്നവരാണ്, വേതനം വാങ്ങുന്നവരല്ല. അവർക്ക് വേണ്ടി സ്വദേശിയായ സാങ്കേതികത്വം വികസിപ്പിച്ചെടുക്കണം. മാർക്കറ്റിങ്ങ് സഹകരണസംഘങ്ങൾ ആരംഭിക്കണം. വ്യവസായ തൊഴിലാളികൾക്ക് യൂണിയനുകൾ എങ്ങനെയാണോ, അപ്രകാരമാണ് മാർക്കറ്റിങ്ങ് സൊസൈറ്റികൾ പാരമ്പര്യ കൈത്തൊഴിൽകാർക്ക്, ഇതിനായി അവർക്ക് സ്വന്തമായി ഒരു കേന്ദ്ര സംഘടന ഇല്ലതാനും.

കാർഷിക മേഖലയിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനം വളരെ ക്ഷീണിതമാണ്. ഇവരുടെ പേരിൽ, കേന്ദ്ര-സംസ്ഥാന തലത്തിൽ ചില നാമഫലകങ്ങൾ ഉണ്ടെന്നു മാത്രം. അത് സ്വാഭാവികം മാത്രമാണ്. ഫാക്ടറികളിൽ വിവിധ സ്ഥലങ്ങളിൽ നിന്ന് തൊഴിലാളികൾ വളരെ വ്യാപകമായ സ്ഥലങ്ങളിലായാണ് കിടക്കുന്നത്. അതുകൊണ്ട് അവർക്കിടയിൽ ട്രേഡ് യൂണിയൻ ബോധം ഉണ്ടാക്കുവാൻ വളരെ പ്രയാസമുണ്ട്.

പതിനായിരത്തിലധികം വരുന്ന സാമൂഹ്യപ്രവർത്തനങ്ങളിലും ക്ഷേമപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന സംഘടനകളിൽ ഉള്ള ജീവനക്കാരുടെ പ്രശ്നങ്ങളെപ്പറ്റി നമ്മുടെ ട്രേഡ് യൂണിയൻ നേതാക്കന്മാർ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. ഇവരെല്ലാം സാമൂഹ്യനിയമങ്ങളിൽ നിന്ന് അകറ്റിനിർത്തി. എന്നാൽ കോൺഗ്രസ്സുകാർ നടത്തുന്ന ഭാരത് സേവക് സമാജ് തന്നെ ലാഭേച്ഛയോടെ ധാരാളം നിർമാണകരാറുകൾ എടുത്തിട്ടുണ്ട്. ഈ കരാറുകളിൽ പണിയെടുക്കുന്നവരിൽ മിക്കവരും സേവന തല്പരതയോടെയല്ല ജോലി ചെയ്യുന്നത്. അവരുടെ ഉപജീവനമാർഗത്തിന് വേണ്ടിയാണ് അവിടെ ചേരുന്നത്. അപ്രകാരം വരുന്നവർക്ക്, ശമ്പളകാര്യത്തിന് വേണ്ടി മാത്രം ''സേവന തല്പരത'' എന്ന ഗുണം കെട്ടിച്ചമച്ച് മുതലെടുക്കുന്നത് ശരിയല്ല, ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരെ വ്യാവസായികനിയമങ്ങൾക്കും ട്രേഡ് യൂണിയൻ സംഘടനകൾക്കും അതീതമായി നിർത്തുന്നതിൽ യാതൊരു ന്യായവുമില്ല.

വീട്ടുജോലിക്കാരുടെ ജോലിയുടെ പ്രത്യേക സ്വഭാവം കാരണവും, ഗൃഹനായകനും ജോലിക്കാരും തമ്മിലുള്ള ബന്ധത്തിന്റെ വ്യക്തിഗതമായ സ്വഭാവം കാരണവും, രാജ്യത്തിലെ വീട്ടുജോലിക്കാരുടെ കാര്യത്തിൽ വ്യത്യസ്ത പ്രശ്നപരിഹാരമാർഗങ്ങൾ ആവശ്യമാണ്. അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ ഇന്നു മറ്റൊരു മാർഗവുമില്ല. ഇതുകൂടാതെ, ബോംബെയിൽ മാത്രം 12000 - ത്തിലധികം ചെറുപ്പക്കാർ ടിഫിൻ കാരിയറുകൾ കൊണ്ടുപോയി കൊടുക്കുന്ന തൊഴിൽ എടുക്കുന്നവരുണ്ടെന്ന് കേട്ടതിൽ എനിക്കത്ഭുതം തോന്നി!

അടിമവേല സമ്പ്രദായം നിർത്തലാക്കുവാനുള്ള 1976 ലെ നിയമപ്രകാരം വിമുക്തരായ അടിമവേലക്കാരന് 4000 രൂപ വീതം കൊടുക്കുവാൻ ഏർപ്പാടുണ്ടെങ്കിലും അവരുടെ കഷ്ടാവസ്ഥക്ക് യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല. ബാലവേല പ്രശ്നത്തിനും ഒരു പരിഹാരം കാണുവാൻ സാധിച്ചിട്ടില്ല. സ്വന്തം അച്ഛനമ്മമാരുടെ പക്കൽ നിന്ന് വേർപെടുത്തപ്പെട്ട ദശലക്ഷക്കണക്കിനുള്ള കുട്ടികൾ കനത്ത ജോലി ഭാരത്തിന്റെയും വർദ്ധിച്ച പ്രവൃത്തി സമയത്തിന്റെയും മനുഷ്യത്വരഹിതമായ പെരുമാറ്റത്തിന്റെയും, ഇരകളായി ഹോട്ടലുകൾ പോലുള്ള അസംഘടിതമേഖലകളിലും, ബീഡി, തീപ്പെട്ടി മുതലായ സംഘടിത മേഖലകളിലും പ്രവൃത്തിക്കുന്നുണ്ട്. ഈ കുട്ടികളുടെ വീടുകളിലെ മുതിർന്നവർക്ക് മറ്റു തൊഴിലുകൾ ഇല്ലാത്തിടത്തോളം കാലം, ഈ പ്രശ്നപരിഹാരത്തിന് നിയമം നിസ്സഹായമാണ്. കേന്ദ്ര തൊഴിലാളി സംഘടനകൾ അടിമവേലക്കാരുടെയും ബാലവേലക്കാരുടെയും അനൗപചാരിക വിഭാഗത്തിലെ വേലക്കാരുടെയും (ചെരുപ്പുകുത്തികൾ, പോളിഷ് ചെയ്യുന്നവർ തുടങ്ങിയവർ) സംരക്ഷകരായിതന്നെ സ്വയം കരുതണം.

നല്ല ചെറുപ്പകാലത്ത് എല്ലാ സംരക്ഷണവും ലഭിച്ചവർ അവരുടെ ജീവിതാവസാന കാലത്ത് അതെല്ലാം നഷ്ടപ്പെടുമ്പോൾ എന്തായിരിക്കും ദയനീയമായ സ്ഥിതി? പെൻഷൻകാർക്കും, വിമുക്തഭടന്മാർക്കും അവരുടെ സംഘടനകൾക്കും വ്യവസായ നിയമങ്ങളുടെ സംരക്ഷണമില്ല. അതാതു കാലത്തെ ജീവിതസൂചികയുമായി ബന്ധപ്പെടുത്തിക്കൊണ്ട് അവരുടെ പെൻഷൻ നിരക്കുകൾ പുനർനിർണയിക്കണം. പെൻഷൻകാർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുമാറാക്കണം.

1) ജോലിയിൽ നിന്ന് വിരമിച്ച ശേഷം കുറഞ്ഞ സമയജോലി പത്തു വർഷത്തേക്കു കൂടി ലഭിക്കുമാറാക്കണം.
2) പതിനാറു വയസ്സിനു താഴെയുള്ള കുട്ടികളുള്ളവർക്ക് ഒരു ''രക്ഷാകർത്തൃ അലവൻസ്'' ലഭിക്കണം.
3) അവരുടെയും, ആശ്രിതരുടെയും ജീവിതകാലത്ത് സൗജന്യ ചികിത്സാസൗകര്യം ലഭിക്കണം.